LIBRARY ARCHIVES Kerala Legislative Assembly

കാർഷിക കലണ്ടർ

148 (3432) ശ്രീ. ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അതതുജില്ലകളിലുള്ള കൃഷി ഫാമുകളിൽ നിന്നും ആവശ്യമായ വിത്തുകളും മറ്റു നടീൽവസ്തുക്കളും ലഭ്യമാക്കാത്തതിനാൽ യഥാസമയം പ്രസ്തുത പ്രദേശത്തുള്ള കർഷകർക്ക് കാർഷിക പ്രവർത്തനത്തിനു കഴിയാത്ത സാഹചര്യം നിലനിൽക്കുന്നതു ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) വാർഷികാടിസ്ഥാനത്തിൽ ഒരു കാർഷിക കലണ്ടറിലൂടെ ഓരോ ജില്ലയിലേയ്ക്കും വേണ്ട പ്രൊഡക്ഷൻ പ്ലാൻ തയ്യാറാക്കി ജില്ലകളിലുള്ളതായ കൃഷി ഫാമുകളിൽത്തന്നെ വേണ്ടുന്നതായ വിത്തും നടീൽവസ്തുക്കളും യഥാസമയം ലഭ്യമാക്കി പ്രദേശത്തെ കർഷകർക്കു വിതരണം ചെയ്യുന്നതു സാദ്ധ്യമാക്കാനുള്ള ശ്രമമുണ്ടാകുമോ ;

(സി) എങ്കിൽ, ആയത് സമയബന്ധിതമായി നടപ്പിലാക്കുന്നതിനു നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഇല്ല. കൃഷി വകുപ്പിലെ ഫാമുകൾവഴി അതതു ജില്ലകളിലെ പ്രദേശത്ത് ആവശ്യമായ വിത്തുകളും നടീൽ വസ്തുക്കളും കർഷകർക്ക് യഥാസമയം ലഭ്യമാക്കത്തക്കരീതിയിലുള്ള പ്രവർത്തനരീതിയാണ് അവലംബിച്ചിരിക്കുന്നത്.

(ബി&സി) ഓരോ ഫാമുകളിലും ഒരു കലണ്ടർ ഓഫ് ആക്ടിവിറ്റി പ്രകാരമാണ് നടീൽ വിത്തുകൾ ഉല്പാദിപ്പിക്കുന്നത്. വാർഷികാടിസ്ഥാനത്തിലുള്ള ഫോർക്കാസ്റ്റ് പ്രകാരമാണ് ഫാമിലെ പ്രവർത്തനങ്ങൾ നടത്തിവരുന്നത്. ഉല്പന്നങ്ങൾ കർഷകർക്ക് യഥാസമയം വിതരണം ചെയ്യുന്നതിനുള്ള മാർഗ്ഗങ്ങൾ സ്വീകരിച്ചിട്ടുണ്ട്.

നീര ഉല്പാദനം

149 (3433) ശ്രീ. കെ. അച്ചുതൻ :
ശ്രീ. എ. റ്റി. ജോർജ് :
ശ്രീ. ആർ. സെൽവരാജ് :
ശ്രീ. വി. ടി. ബൽറാം : താഴെകാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നീര ഉല്പാദിപ്പിക്കുന്നതിൽ നിലനിന്നിരുന്ന തടസ്സങ്ങൾ പരിഹരിക്കുന്നതിനായിട്ടുണ്ടോ ; എങ്കിൽ അത് സംബന്ധിച്ച് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ;

(ബി) നീര ഉല്പാദനത്തിനും പ്രചരണത്തിനും മാതൃകാ സംരംഭങ്ങൾക്ക് ആരംഭം കുറിച്ചിട്ടുണ്ടോ; എങ്കിൽ അത് സംബന്ധിച്ച നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ;

(സി) നീര ഉല്പാദനത്തിന് അനുയോജ്യമായ തെങ്ങുകൾ എത്ര ഇനമുണ്ടാകുമെന്നും അനുയോജ്യപ്രദേശങ്ങൾ ഏതൊക്കെയെന്നും കണ്ടെത്തിയിട്ടുണ്ടോ ; എങ്കിൽ അത് സംബന്ധിച്ച വിശദവിവരം നൽകാമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് നീര ഉല്പാദനത്തിനുള്ള തടസ്സങ്ങൾ നീക്കം ചെയ്ത് നീരയുടെ വാണിജ്യാടിസ്ഥാനത്തിലുള്ള ഉല്പാദനവും വിപണനവും ശക്തിപ്പെടുത്തുന്നതിനായി കൃഷി-എക്സൈസ് വകുപ്പുകളുടെ ഏകോപിപ്പിച്ചുള്ള പ്രവർത്തനം ഉറപ്പുവരുത്തി കാർഷികോല്പാദന കമ്മീഷണർ ചെയർമാനും എക്സൈസ് കമ്മീഷണർ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറായും നാളീകേര നീര ബോർഡ് രൂപീകരിച്ച് സർക്കാർ ഉത്തരവായിട്ടുണ്ട്. നീരയുടെ ഉല്പാദനവും വിപണനവുമായി ബന്ധപ്പെട്ട എല്ലാ പ്രവർത്തനങ്ങൾക്കും അംഗീകാരം നൽകുന്നത് നാളീകേര നീര ബോർഡാണ്. എന്നാൽ തെങ്ങ് ചെത്തുന്നതിന് ലൈസൻസ് അതാത് പ്രദേശത്തെ എക്സൈസ് അധികാരിയാണ് നൽകുന്നത്.

സർക്കാർ ഉത്തരവ് (സാധാ) 2051/2014/കൃഷി, തീയതി 18-11-2014 പ്രകാരം നീര ഉല്പാദനവുമായി ബന്ധപ്പെട്ടുലഭിക്കുന്ന പ്രൊപ്പോസലുകൾ പരിശോധിക്കുന്നതിനും അന്തിമ തീരുമാനം കൈക്കൊള്ളുന്നതിനുമായി കാർഷിക സർവ്വകലാശാലയിലെ മൂന്ന് ശാസ്ത്രജ്ഞന്മാർ സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ് അഗ്രി ചീഫ്, കൃഷി ഡയറക്ടർ, സ്മാൾ ഫാർമേഴ്സ് അഗ്രി ബിസിനസ്സ് കൺസോർഷ്യം മാനേജിംഗ് ഡയറക്ടർ എന്നീ ആറ് അംഗങ്ങളെ ഉൾപ്പെടുത്തി കമ്മിറ്റി രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്.

(ബി) നീര ഉല്പാദനത്തിനുള്ള സാങ്കേതിക വിദ്യ കേരള കാർഷിക സർവ്വകലാശാല വികസിപ്പിച്ചെടുത്തിട്ടുണ്ട്. കേരള കാർഷിക സർവ്വകലാശാലയുടെ നേതൃത്വത്തിൽ നീര (കേരാമൃതം) തെങ്ങിൻ പൂക്കുലയിൽനിന്നും കേരചക്കര എന്നിവയുടെ ഉല്പാദനം സംബന്ധിച്ച് ഡെമോൺസ്ട്രേഷനും പരിശീലനത്തിനുമായി 3 പൈലറ്റ് പ്രോജക്ടുകൾക്ക് അനുമതി നൽകിയിട്ടുണ്ട്. ഇതിൽ ആദ്യ പ്രോജക്ട് നീലേശ്വരം കാമ്പസിൽ നടപ്പിലാക്കി വരുന്നു. ഒന്നാം പൈലറ്റ് പ്രോജക്ടിന്റെ പൂർത്തീകരണത്തിനും വിപണനം ശക്തിപ്പെടുത്തുന്നതിനുമായി 130 ലക്ഷം രൂപ സർക്കാർ നൽകിക്കഴിഞ്ഞു. നീര തിരുവനന്തപുരം സെക്രട്ടേറിയറ്റിൽ സ്ഥാപിച്ച വെൻഡിങ് മെഷീൻ മുഖേനയും നാളീകേര വികസന കോർപ്പറേഷന്റെ വില്പന കേന്ദ്രങ്ങളിലൂടെയും ഇപ്പോൾ വിപണനം നടത്തിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(സി) നാടൻ തെങ്ങിനങ്ങളും സങ്കരയിനങ്ങളും നീര ഉല്പാദനത്തിന് അനുയോജ്യമാണ്. നല്ല പരിചരണം കിട്ടുന്ന തെങ്ങുകളിൽ നിന്ന് കൂടുതൽ അളവിൽ നീര ലഭിക്കുന്നു. കുറിയ തെങ്ങിനങ്ങളിൽ നിന്ന് കിട്ടുന്ന നീരയുടെ തോത് നാടൻ ഇനങ്ങളെ അപേക്ഷിച്ച് കുറവായിരിക്കും. നീര ഉല്പാദനത്തിന് അനുയോജ്യമായ പ്രദേശങ്ങളെക്കുറിച്ച് പ്രത്യേകിച്ച് പഠനം നടത്തിയിട്ടില്ല.

ഇടുക്കി പ്രത്യേക പാക്കേജ്

150 (3434) ശ്രീ. കോടിയേരി ബാലകൃഷ്ണൻ :
ശ്രീ. കെ. കെ. ജയചന്ദ്രൻ :
ശ്രീ. എസ്. രാജേന്ദ്രൻ :
ശ്രീ. കെ. സുരേഷ് കുറുപ്പ് : താഴെകാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇടുക്കി പ്രത്യേക പാക്കേജിന്റെ പ്രയോജനം വിശകലനം നടത്തിയിട്ടുണ്ടോ ; വിശദമാക്കാമോ ;

(ബി) മുൻ യു.പി.എ. സർക്കാരിന്റെ കാലത്തു കാർഷിക പാക്കേജിന്റെ കാലാവധി ദീർഘിപ്പിച്ച് കിട്ടുന്നതിനായി ശ്രമിച്ചിട്ടുണ്ടായിരുന്നുവോ ; ഇല്ലെങ്കിൽ കാരണമെന്തായിരുന്നു ;

(സി) ഇടുക്കി പാക്കേജ് സമയബന്ധിതമായി നടപ്പിലാക്കുന്നതിലും കാലാവധി അവസാനിക്കുന്നതിനു മുമ്പായി അത് ദീർഘിപ്പിച്ച് കിട്ടുന്നതിന് ശ്രമിക്കുന്നതിലും വീഴ്ച വരുത്തിയവർ ആരൊക്കെയാണ് ; വിശദമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്. 7-3-2009-ലെ സർക്കാർ ഉത്തരവ് നമ്പർ (എം എസ്.) 375/09/കൃഷി പ്രകാരം സർക്കാർ മൂന്ന് തലത്തിലുള്ള കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി അദ്ധ്യക്ഷനായ ഇടുക്കി ഐശ്വര്യ സമിതി, ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ ഇടുക്കി കർമ്മ സമിതി, കാർഷിക ഉല്പാദന കമ്മീഷണർ അദ്ധ്യക്ഷനായ ടാസ്ക്ക് ഇംപ്ലിമെന്റേഷൻ കമ്മിറ്റി എന്നിവ യോഗങ്ങൾ കൂടുകയും ഇടുക്കി പാക്കേജിന്റെ പ്രയോജനം വിശകലനം നടത്തുകയും ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly